പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1571 | 16-10-2026-ൽ മറുപടിയ്ക്ക്

**<u>അയിലൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥല വികസന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേമൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** നെന്മാറ നിയോജകമണ്ഡലത്തിലെ അയിലൂർ ഗ്രാമപഞ്ചായത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കുന്ന കളിസ്ഥല വികസന പദ്ധതിയുടെ നിലവിലെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** നെന്മാറ നിയോജക മണ്ഡലത്തിലെ അയിലൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥലം വികസനം പ്രവൃത്തിക്കായി 100.00 ലക്ഷം രൂപയുടെ ഭരണാനുമതിയും, 93.89 ലക്ഷം രൂപയ്ക്ക് (GSTഉൾപ്പെടെ) സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതിയും നൽകുകയും പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും, കരാറിൽ ഏർപ്പെടുകയും ചെയ്തു.

പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ്, മഡ് കോർട്ട്,ഫെൻസിംഗ്, ആർ.ആർ.സ്റ്റെപ്പ് ഗ്യാലറി, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പ്രവൃത്തിക്കായി അയിലൂർ പഞ്ചായത്ത് മുഖേന സ്ഥലത്തിന്റെ അതിർത്തി നിശ്ചയിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ച് മണ്ണ് കട്ട് ചെയ്യുന്നതിനുള്ള അനുമതിക്കായി ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണെന്നും സ്പോർട്സ് കേരള ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക എത്രയെന്നും ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**